# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1630

16.3.2015-ൽ മറുപടിക്ക്

## കെട്ടിട നികുതി കുറവ് ചെയ്യുന്നത് സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ് | ഡോ: എം.കെ. മുനീർ (പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ചെങ്ങന്നൂർ, ചെറിയനാട്, നെടുവരംകോട്, തുനുത്തിമേൽ, ചിറമേൽ വീട്ടിൽ ശ്രീമാൻ സി.ഐ. തോമസ്, കെട്ടിടനികുതി കുറവ് ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷയിൻമേൽ എന്തു നടപടി സ്വീകിരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) ചെറിയനാട്, ചിറമേൽ വീട്ടിൽ സി.ഐ. തോമസിന്റെ കെട്ടിടനികുതി കുറവു ചെയ്യുന്നതുമായി ബന്ധപ്പെട്ട് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ആയത് 27.5.2014-ൽ സി1-5204/2014 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചു കൊടുക്കുകയും പഞ്ചായത്ത് ഡയറക്ടർ പ്രസ്തുത വിഷയം സംബന്ധിച്ച് 2.7.2014 തീയതിയിലെ സി3-21126/14 നമ്പർ കത്ത് പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) 29.2.2012-ലെ ആലപ്പുഴ ജില്ലാ കളക്ടറുടെ എൽഡിസ്/7821/12/എം3 കത്തിൽ പരാമർശിച്ചിരിക്കുന്നത് അസസ്സ്മെന്റ് രജിസ്റ്ററിൽ 12.10.2010-ൽ ടി പഞ്ചായത്ത് പ്രസിഡന്റ്, പുന:പരിശോധിക്കണമെന്ന് വ്യക്തിവൈരാഗ്യം മൂലം എഴുതിച്ചേർത്തിരുന്നതിനാലാണ് എന്ന് വ്യക്തമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) അസസ്സ്മെന്റ് രജിസ്റ്ററിൽ സെക്രട്ടറിയുടെ അടിയന്തിര പരിശോധനയ്ക്ക്, ഉദ്ദേശം 30 ലക്ഷം രൂപയിൽ കൂടുതൽ ചെലവ് ചെയ്ത, 8 മീറ്റർ വീതിയുള്ള പി.ഡബ്ല്യൂ.ഡി റോഡിന്റെയും 8 മീറ്റർ വീതിയുള്ള പഞ്ചായത്ത് വക നബാഡ് റോഡിന്റെയും സൈഡിൽ നിർമ്മിച്ചിരിക്കുന്ന പടുകൂറ്റൻ കെട്ടിടമാണ് 4320/-രൂപയ്ക്ക് അസസ്സ് ചെയ്തിരിക്കുന്നത്. ടി അസസ്സ്മെന്റ് അടിയന്തിരമായി പുന:പരിശോധിക്കുക എന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

(സി) 12.5.2014-ൽ ചെറിയനാട് പഞ്ചായത്ത് സെക്രട്ടറി സി3/69/14 നമ്പർ കത്ത് പ്രകാരം ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറ്കടർക്ക് അപാകത പരിഹരിക്കുവാനായി നിയമാനുസൃത നിർദ്ദേശങ്ങൾക്കും സ്പഷ്ടീകരണത്തിനുമായി സമർപ്പിച്ചിരുന്ന റിപ്പോർട്ടിന്മേൽ കഴിഞ്ഞ എട്ട് മാസക്കാലമായി യാതൊരു നടപടിയും സ്വീകരിക്കാത്തത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറേറ്റിൽ 27.5.2014-ലെ സി1/5204/14 ഫയലിൻമേൽ എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

(സി) & (ഡി) ടി വിഷയം സംബന്ധിച്ച് നിയമാനുസൃത നിർദ്ദേശങ്ങൾക്കും സ്പഷ്ടീകരണത്തിനുമായി ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 27.5.2014-ലെ സി1-5204/2014 നമ്പർ കത്തു പ്രകാരം പഞ്ചായത്ത് ഡയറക്ടറോട് ആരായുകണ്ടായി. ആയതു പ്രകാരം 2.07.2014-ലെ സി3-21126/2014 നമ്പർ കത്ത് മുഖേന, 2013-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (വസ്തുനികുതിയും സേവന ഉപനികുതയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങളിലെ 9-ാം ചട്ടത്തിലെ 4 (എ), 4 (ബി) എന്നീ ഉപചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പുതിയരീതിയിൽ പാർപ്പിടാവശ്യത്തിനും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി നിർണ്ണയം ആദ്യമായി നടത്തുമ്പോൾ, തൊട്ടു മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തു നികുതി തുകയിൽ 25% മിനിമം വർദ്ധന ഉണ്ടാകണമെന്നും എന്നാൽ അത് 60% അധികരിക്കാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം നികുതി നിർണ്ണയിച്ചതുകൊണ്ടാണ് ശ്രീ.സി.ഐ.തോമസ് ചിറമേലിന്റെ കെട്ടിടനികുതി സമീപവാസി ശ്രീ. പ്രസന്നകുമാർ (ചൈതന്യ) എന്നയാളുടെ കെട്ടിട നികുതിയേക്കാൾ അധികരിച്ചതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ അനോമലി പരിഹരിക്കുന്നതിനായി 4(എ) ഉപചട്ടത്തിൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പാർപ്പിടാവശ്യത്തിനുള്ളതും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി ആദ്യമായി നിർണ്ണയിക്കുമ്പോൾ തൊട്ടു മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തു നികുതിയിൽ ഏറ്റവും കുറഞ്ഞത് 25% വർദ്ധനവ് വരുത്തിയിരിക്കേണ്ടതാണ് എന്ന വ്യവസ്ഥ ഒഴിവാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. ടി ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ